രോധം ഈ സഹായത്തിന് കാലവിളംബം സൃഷ്ടിച്ചു. എന്നാൽ എ.ഡി.ബി. നമ്മുടെ ഗവൺമെന്റുമായുള്ള ചർച്ച പുനാരാംഭിച്ചിട്ടുണ്ട്. ഈ വർഷം തന്നെ കരാറിലേർപ്പെടാൻ സാധിക്കുമെന്നാണ് പ്രതീക്ഷ. സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കിയേക്കാവുന്ന സംഭവ വികാസമാണിത്.

13. വിവിധ മേഖലകളിലുള്ള വളർച്ച ശുഭ പ്രതീക്ഷയ്ക്ക് വക നൽകുന്നു. 1995 മുതൽ 1998 വരെ കുറഞ്ഞു വന്നിരുന്ന വളർച്ചാ നിരക്ക് ഇപ്പോൾ ഗണ്യമായി മെച്ചപ്പെട്ടിരിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ ശരാശരി വളർച്ചാ നിരക്ക് 1.3 ശതമാനമായിരുന്നത് ഇപ്പോൾ 3.82 ശതമാനമായി വർദ്ധിച്ചു. അതു പോലെതന്നെ 1996-97-ൽ വളർച്ചാ നിരക്ക് പിന്നോട്ടടിച്ച ഉൽപാദനമേഖല കഴിഞ്ഞ രണ്ട് വർഷങ്ങളിൽ അഭിമാനകരമായ ഏഴ് ശതമാനത്തിലധികം വളർച്ചാനിരക്ക് കൈവരിച്ചിരിക്കുന്നു.

14. രണ്ട് കാര്യങ്ങൾക്കാണ് ഞാൻ ഈ ബഡ്ജറ്റിൽ ഊന്നൽ നൽകുന്നത്. സംസ്ഥാനത്തിന്റെ വളർച്ചക്ക് ഏറ്റവുമധികം പ്രയോജനപ്പെടുന്ന സാമ്പത്തികമേഖലയ്ക്ക് പണം നീക്കിവയ്ക്കുവാൻ ഞാൻ ഇതിൽ ശ്രമിച്ചിട്ടുണ്ട്. മറ്റുള്ളവയോടൊപ്പം അടിസ്ഥാനമേഖലകളായ വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം, കൃഷി എന്നിവയ്ക്ക് അതേ തീവ്രതയോടെ തുടർന്നും ആവശ്യമായ നിക്ഷേപം നടത്തുമെന്ന കാര്യത്തിൽ സംശയമില്ല. വിവര സാങ്കേതിക വിദ്യ, വിനോദസഞ്ചാരം എന്നീ മേഖലകളിൽ കൂടുതൽ മുതൽ മുടക്കിയാൽ ഉണ്ടാകുന്ന നേട്ടങ്ങളും ബഡ്ജറ്റ് തിരിച്ചറിയുന്നു. ഈ മേഖലകളിലെ അധിക നിക്ഷേപം ഇന്നു നിലനിൽക്കുന്ന സാമ്പത്തികവളർച്ചയ്ക്ക് കൂടുതൽ ആക്കം കൂട്ടുവാൻ കഴിയും. അതേസമയം തന്നെ നിങ്ങളുടെ മുന്നിൽ അവതരിപ്പിച്ച കണക്കുകളിൽ നിന്നും റവന്യൂകമ്മിയുടെ വളർച്ച ഈ വർഷം പിടിച്ചുനിർത്താൻ ഞാൻ ശ്രമിച്ചിട്ടുള്ളതായി കാണാം. വരും കാലങ്ങളിലും സർക്കാരിന്റെ ഗൗരവമുള്ള പ്രശ്നങ്ങളിലൊന്നായി ഇത് തുടരും.

15. വിവിധ മേഖലകൾക്ക് നീക്കിവച്ചിട്ടുള്ള ചെലവിനങ്ങളെ സംബന്ധിച്ച് ഇനി ഞാൻ പ്രതിപാദിക്കട്ടെ.

വിവര സാങ്കേതിക വിദ്യ (ഐ.ടി.)

16. ഓരോ വകുപ്പും അതിന്റെ പദ്ധതിവിഹിതത്തിന്റെ മൂന്ന് ശതമാനം തുക ഭരണരംഗത്ത് വിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന് മാറ്റി വയ്ക്കുന്നതാണെന്ന് കഴിഞ്ഞവർഷം പ്രഖ്യാപിച്ചിരുന്നു. അതോടൊപ്പംതന്നെ വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി പുതിയ വ്യവസായ യൂണിറ്റുകൾക്ക് ആകർഷകമായ ഒരു പാക്കേജ് ഞാൻ നൽകിയിരുന്നു. വിവര സാങ്കേതിക രംഗത്ത് സർക്കാർ എടുത്തിട്ടുള്ള പ്രാരംഭ നടപടികൾക്ക് കാര്യമായ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. വിവര സാങ്കേതിക വിദ്യയുടെ അടിസ്ഥാന സൗകര്യം ഒരുക്കലിന്റെ ആദ്യഘട്ടം നടപ്പിലാക്കി വരുന്നു. ഉപജില്ലാ ആസ്ഥാനങ്ങളെ ബന്ധി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കുന്ന 'ഇൻഫർമേഷൻ ഹൈവേ' സ്വന്തമായുള്ള ഇന്ത്യയിലെ ആദ്യ സംസ്ഥാനം കേരളം ആയിരിക്കും. ഭരണതലത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ട്രഷറി, സെയിൽസ് ടാക്സ്, രജിസ്ട്രേഷൻ, റവന്യൂ, മോട്ടോർ വെഹിക്കിൾസ്, സിവിൽ സപ്ലൈസ് എന്നീ പ്രധാന വകുപ്പുകളിൽ വിവര സാങ്കേതിക വിദ്യ സജീവമായി നടപ്പിലാക്കി വരുന്നു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന പദ്ധതി അടുത്ത സാമ്പത്തികവർഷം പൂർത്തീകരിക്കുന്നതാണ്.

17. വിവിധ സർക്കാർ സേവനങ്ങൾ ഏതൊരു പൗരനും ഒരൊറ്റ കേന്ദ്രത്തിൽനിന്നും ലഭ്യമാക്കുന്ന തരത്തിൽ 'സംയോജിത സേവന കേന്ദ്രങ്ങൾ' പരീക്ഷണാർത്ഥം തുടങ്ങുന്നതാണ്. കൂടുതൽ വിദഗ്ധ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കോട്ടയം മെഡിക്കൽ കോളേജിൽ ഒരു 'ടെലിമെഡിസിൻ പ്രോജക്ട്' സ്ഥാപിക്കുന്നതാണ്.

18. വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് സ്വയംസഹായ സംഘങ്ങൾ മുഖേന 'ഇന്റർനെറ്റ് കിയോസ്ക്കു'കളുടെ ശൃംഖല സ്ഥാപിച്ചും, വികസന മേഖലകളെ പ്രോത്സാഹിപ്പിച്ചും വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് വരും വർഷത്തെ പ്രധാന ലക്ഷ്യം. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ മൂന്ന് വിവര സാങ്കേതിക വിദ്യാധിഷ്ഠിത സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്.

19. ജില്ലാതല സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകൾ ശക്തിപ്പെടുത്തുന്നതാണ്. വിവര സാങ്കേതിക വിദ്യാരംഗത്ത് അടിസ്ഥാന സൗകര്യമേഖലയിലെ മുതൽ മുടക്കിന് സ്വകാര്യമേഖലയുടെ പങ്കാളിത്തം സർക്കാർ സജീവമായി പ്രോത്സാഹിപ്പിക്കുന്നതാണ്. സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസവും, കമ്പ്യൂട്ടർ സഹായത്തോടെയുള്ള പഠനവും നടപ്പിലാക്കുന്നതിനുള്ള ഒരു വൻ പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. അടുത്ത വർഷം സംസ്ഥാനത്ത് മൂന്ന് ജില്ലാതല പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. ഈ ബഡ്ജറ്റിൽ വിവര സാങ്കേതിക വിദ്യയ്ക്ക് ഞാൻ 16 കോടി രൂപ മാറ്റിവയ്ക്കുന്നു. സ്കൂൾ ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റിനെ, പ്രസ്തുത രംഗത്ത് ഒരു 'സെന്റർ ഓഫ് എക്സലൻസ്' ആയി മാറ്റുന്നതിനുള്ള 2 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു. ഇതിനു പുറമെ, വകുപ്പുകൾക്ക് അവയുടെ പദ്ധതിവിഹിതത്തിന്റെ മൂന്ന് ശതമാനം വിവര സാങ്കേതികവിദ്യയ്ക്ക് ഉപയോഗിക്കുന്നതിന് നൽകിയിട്ടുള്ള അധികാരം തുടരുന്നതുമാണ്.

വിനോദ സഞ്ചാരം

20. മത്സരാധിഷ്ഠിതമായി സുപ്രധാന നേട്ടങ്ങൾ കൊയ്യാവുന്ന മേഖലയായി ടൂറിസം ഉയർന്നു വന്നിട്ടുണ്ട്. അഖിലേന്ത്യാ തലത്തിൽ ടൂറിസ്റ്റുകളുടെ പ്രവാഹത്തിൽ കുറവുണ്ടായപ്പോൾ കേരളത്തിലേയ്ക്കുവരുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധന

LIBRARY ARCHIVES Kerala Legislative Assembly

12. In my last Budget Speech, I had expressed the hope that Government will be able to garner substaial resources through the Asian Development Bank. Unfortunately, the sanction imposed in the wake of India's nuclear trials have delayed this. But ADB has now resumed the dialogue with Government. We are very hope that the agreement between ADB and our Government can be signed in 2000-01 itself. This will be a development that would have far reaching implications for the growth of our State.

13. There is ground for overall optimism on several fronts. Agricultural income after a steady decline for three years from 1995-98 has recovered significantly. From an average of 1.3% during the previous three years, the growth rate in agricultural income has registered 3.82%. Similarly the manufacturing sector, which reached negative growth levels in 1996-97, has staged an admirable turnaround and is showing a growth rate of over 7% in the last two years.

14. My focus in this budget shall be two fold. I have tried to allocate resources to sectors of the economy that offer the best potential for the State and will yield the highest dividends to the State. No doubt, we will continue our efforts with the same vigour in basic sectors like education, health, industry and agriculture among others. But this budget will also recognise the benefits of higher investment in Information technology and Tourism. These are areas where additional investment will further boost the present trend of our economic growth. At the same time, as the figures I present before you will show, I have tried to arrest the growth of the revenue deficit in the next year. This shall continue to be one of Government's prime concerns in the coming years.

15. Let me now outline the spending plan that I have for various sectors.

Information Technology

16. Last year, I had announced that Departments could set apart up to 3% of their outlays for deploying IT in administration and had also announced an attractive package for IT units in the State. The initiatives of Government in the IT sector have started paying rich dividends. The first phase of the State Information Infrastructure is under implementation. Kerala will be the first State to have its own Information Highway, which connects Sub-District Levels. As a part of increasing the efficiency of administration, IT deployment is actively underway in the following Major Department Treasuries Sales Tax, Registration, Revenue, Motor Vehicles and Civil Supplies. The computer networking of Local Bodies will be completed in the next financial year.

17. On a pilot project basis, Integrated Service Centres, where a citizen can access a range of Government services under a single umbrella will be opened. A telemedicine project to increase the coverage of specialised medical facilities will be set up in Kottayam Medical College.

LIBRARY ARCHIVES Kerala Legislative Assembly

18. A principal area of focus in the coming year would be the creation of employment opportunities utilising IT, through content generation using self help groups, establishing network of Internet Kiosks and promotion of high growth areas. Three IT enabled Service habitats will be set up at Thiruvananthapuram, Kochi and Calicut.

19. District Level Software Technology Parks will be strengthened. Government will actively promote private sector participation in IT infrastructure investment. Government also proposes to launch a major programme to introduce computer education and computer aided education in Government High Schools in the State. Three District Level Training Centres will be established in the State next year. I am setting apart a sum of Rs. 16 cr. for Information Technology in my budget. This includes an allocation of Rs. 2 cr. for the School of Information Technology and Management being set up as a centre of excellence in IT. In addition the powers given to Departments to devote up to 3% of their outlays for IT deployment shall continue.

Tourism

20. Tourism has emerged as a sector where the State enjoys significant competitive advantages This is best reflected in the encouraging growth rate in tourist arrivals to Kerala, as against the negative growth seen in the All-India figures. Investments in this sector have considerable multiplier effect through generation of demand for auxiliary services like accommodation, food and transport.

21. Backwaters of Kerala and Ayurveda are identified as the two "Unique Selling Propositions' of Tourism in the State. Completing infrastructure projects of Pamba-Kuttanad Region, integrated development of Ashtamudi and backwaters in Malabar and development of tourist amenities will be focus areas for Tourism in 2000-2001.

22. Comprehensive development of Fort Cochin, developing Veli Tourist Village to international standards through private sector participation, setting up joint ventures sector projects such as eco-friendly floating resort at Pathiramanal and an international hotel at Vagamon, renovation of Hill Palace at Thripunithura and Napier Museum are proposed for the next year.

23. Government is keenly aware of the importance of well-planned promotion and marketing for attracting quality tourists to the State. The use of IT for tourism promotion through setting up a much acclaimed website for tourism and releasing the CD-ROM widely commended for its quality illustrate the efforts in this direction.

24. I am happy to provide Rs. 46 cr. in my Budget for these developmental activities in tourism. This is an increase of 28% over the allocation for this sector last year.

Local Self Governments

LIBRARY ARCHIVES Kerala Legislative Assembly